<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5577</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പൊന്നാനി മണ്ഡലത്തിലെ ഇൻഡോർ ആന്റ് അക്വാറ്റിക് കോംപ്ലക്സിന്റെ പ്രവൃത്തി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ 2017-18 വർഷത്തിൽ അനുവദിച്ച ഇൻഡോർ ആന്റ് അക്വാറ്റിക് കോംപ്ലക്സിന്റെ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് ഇതുവരെ അനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | **പദ്ധതി പ്രദേശം CRZ ക്ലിയറൻസ് പരിധിക്ക് കീഴിൽ വരുന്നതായി കണ്ടെത്തിയതിനാൽ CRZ ക്ലിയറൻസിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. വിവിധ ചർച്ചകൾക്കുശേഷം കായികവകുപ്പ് മുഖേന സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ രീതിയിലുള്ള സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് കൂടി നിർമ്മിക്കണമെന്ന് CZMA നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 10ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാക്കി അടച്ച് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ട്.**<br><br>**തുടർന്ന് പദ്ധതിയുടെ പേര് 'പൊന്നാനി നിള തീരം ഇൻഡോർ ആന്റ് അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്' എന്നാക്കി ഭേദഗതി വരുത്തി കിഫ്ബിയിൽ നിന്നും 14.094 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും DSR 2016 പ്രകാരമുള്ള 14.02 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു.**<br><br>**ഇത്തരത്തിൽ വിവിധ ക്ലിയറൻസ് തടസ്സങ്ങൾ, പേര് മാറ്റൽ, മുനിസിപ്പാലിറ്റിയിൽ നിന്നും MoU ലഭ്യമാകാൻ ഉണ്ടായ താമസം തുടങ്ങിയ കാരണങ്ങളാലാണ് പദ്ധതി ആരംഭിക്കുവാൻ സാധിക്കാതെ വന്നത്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്.-ന് കൈമാറിയതിന് ശേഷമുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | **പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷനിന് കൈമാറിയശേഷം കായിക വകുപ്പിന് കീഴിലുള്ള സാങ്കേതികാനുമതി കമ്മിറ്റിയുടെ 17-ാമത് യോഗത്തിൽ ടി പദ്ധതിക്ക് ഡി.എസ്.ആർ 2018 പ്രകാരം 16.90 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകി. ആയതിന്റെ** |

| | | | | |
|---|---|---|---|---|
| | | | | അടിസ്ഥാനത്തിൽ സ്ഥലത്ത് മണ്ണ് പരിശോധനയും, സർവ്വേയും നടത്തി. 20.02.2023-ൽ പ്രവൃത്തിയുടെ സ്ഥലം മുനിസിപ്പാലിറ്റിയുടെ മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ ഏരിയയിൽ ഉൾപ്പെടുന്നതാണെന്നും ആയതിനാൽ ഇവിടെ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം സാധ്യമാകുന്നതാണോയെന്ന കാര്യം പരിശോധിക്കണമെന്നും ഇതിൻമേൽ മുനിസിപ്പാലിറ്റിയിൽ നിന്നും ഉറപ്പ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബിയിൽ നിന്നുമുള്ള കത്ത് സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ലഭിച്ചു. ഇതിന്മേൽ അന്വേഷണം നടത്തിയപ്പോൾ പദ്ധതിയുടെ ലേ ഔട്ട് പ്രകാരം പ്രൊപ്പോസ് ചെയ്തിരിക്കുന്ന അലൈൻമെന്റ് നിലവിൽ മുനിസിപ്പാലിറ്റി റിവൈസ് ചെയ്ത് പബ്ലിഷ് ചെയ്ത മാസ്റ്റർ പ്ലാൻ പ്രകാരം കളിസ്ഥലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയിലാണ് വരുന്നതെന്നും ഇവിടം റസിഡൻഷ്യൽ ഭൂമിയല്ലായെന്നും മുനിസിപ്പാലിറ്റി മാസ്റ്റർ പ്ലാൻ പ്രകാരം ഇവിടെ അക്വാട്ടിക്സ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നില്ലായെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിക്കുകയും ഇതനുസരിച്ച് കിഫ്ബിക്ക് ഈ വിഷയം സംബന്ധിച്ച് വിശദമായ മറുപടി നൽകുകയും ചെയ്തു.<br><br>CRZക്ലിയറൻസിൽ പറയുന്ന പ്രകാരം ആവശ്യമായ STP യുടെ നിർമ്മാണം മുനിസിപ്പാലിറ്റിയുടെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 02.03.2023 തീയ്യതിയിൽ ചേർന്ന ബഹു. കായിക വകുപ്പ് മന്ത്രിയുടെ യോഗത്തിൽ നിർദ്ദേശിച്ചപ്രകാരം ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി മുനിസിപ്പാലിറ്റിയുമായി ചർച്ചകൾ നടത്തി ഇത്തരത്തിൽ അനുമതി വാങ്ങി കിഫ്ബി ഉന്നയിക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമെന്നും ഇതനുസരിച്ച് പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് കിഫ്ബിയിലേക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ